**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6049** **17-03-2023 - ൽ മറുപടിയ്ക്ക്**

**ജി. എസ്. ടി കോമ്പൻസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കിയാൽ സംസ്ഥാനത്തിന് പ്രതിവർഷം നഷ്ടമാകുമെന്ന് പ്രതീക്ഷിക്കുന്ന തുക കണക്കാക്കിയത് ഏതൊക്കെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ? | (എ) | ജി.എസ്.ടി. നിലവിൽ വന്നപ്പോൾ, ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ടി നിയമത്തിന്റെ വകുപ്പ് 7(3)-ൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം കണക്കാക്കപ്പെടുന്നത്.<br><br>ഇതുപ്രകാരം ടി നിയമത്തിന്റെ വകുപ്പ് 6 പ്രകാരം കണക്കാക്കപ്പെടുന്ന പ്രൊജക്റ്റഡ് റവന്യൂവിൽ നിന്നും റീഫണ്ട് കിഴിച്ചുള്ള എസ്.ജി.എസ്.ടി. കളക്ഷനും, ഐ.ജി.എസ്.ടി. ക്രഡിറ്റും ആ മാസം ലഭിച്ച GST യിൽ ലയിക്കപ്പെട്ട കേന്ദ്ര സംസ്ഥാന നിയമങ്ങളിൽ നിന്നുള്ള റീഫണ്ട് കിഴിച്ചുള്ള നികുതി വരുമാനവും കൂട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്.<br><br>ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 ന്റെ വകുപ്പ് 7(2) പ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസ കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിന് ശേഷം ആയത് അന്തിമമായി കണക്കാക്കാനുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അങ്ങനെ പ്രൊവിഷണലായി കണക്കാക്കിയത് പ്രകാരം സംസ്ഥാനത്തിന് 2017 ജൂലായ് മുതൽ 2022 ജൂൺ വരെ നഷ്ടപരിഹാര |

| | | | |
|---|---|---|---|
| | | | ഇനത്തിൽ ലഭിക്കാൻ ഉണ്ടായിരുന്നത് 42599.38 കോടി രൂപയാണ്. ഇതിൽ, അവസാനമായി 2023 ഫെബ്രുവരിയിൽ ലഭിച്ച 780 കോടി രൂപ ഉൾപ്പെടെ, 42558.72 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. ജി.എസ്.ടി. കോമ്പൻസേഷൻ 2022 ജൂൺ മാസത്തോടെ അവസാനിച്ചു.<br><br>സംസ്ഥാനത്തിന്റെ പ്രൊജക്റ്റഡ് റവന്യൂ, ലഭ്യമായ ജി.എസ്.ടി. കോമ്പൻസേഷൻ എന്നിവ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സംസ്ഥാനത്തിന്റെ പ്രോജെക്റ്റഡ് റവന്യൂ, ലഭ്യമായ ജി.എസ്.ടി കോമ്പൻസേഷൻ എന്നിവയുടെ വിവരം

**(Rs. In Crores)**

| | From July 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 (June) |
|---|---|---|---|---|---|---|
| പ്രൊജക്റ്റഡ് റവന്യൂ | 16398 | 24924 | 28416 | 32400 | 36936 | 10524 |
| കോമ്പൻസേഷൻ തുക | 2102 | 3532 | 8111 | 12828.96 | 12850.39 | 3134.37 |

സെക്ഷൻ ഓഫീസർ